വി.എച്ച്.എസ്. കോഴ്സിന് അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റിയുടെ അംഗീകാരം ലഭിക്കുവാൻ നടപടി

44 [1145] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വി.എച്ച്.എസ്. കോഴ്സിന് അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റിയുടെ അംഗീകാരം ലഭിക്കാൻ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ ;

(ബി) വി.എച്ച്.എസ്.സി.-യുടെ ഏതൊക്കെ കോഴ്സുകളാണ് കേരള പി.എസ്.സി. അംഗീകരിച്ചതെന്ന് വ്യക്തമാക്കാമോ ;

(സി) വി.എച്ച്.എസ്.സി.-യുടെ ഏതൊക്കെ കോഴ്സുകളാണ് കേരള പി.എസ്.സി. അംഗീകാരമില്ലാത്തത് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) വി.എച്ച്.എസ്.ഇ. കോഴ്സുകൾ പാസ്സായ വിദ്യാർത്ഥികളുടെ ഉന്നത പഠനത്തിനായി രാജ്യത്തെ 25 വിവിധ യൂണിവേഴ്സിറ്റികൾ വി.എച്ച്.എസ്.ഇ. കോഴ്സുകൾ ഉന്നത പഠനത്തിനുള്ള അടിസ്ഥാന യോഗ്യതയായി അംഗീകരിച്ചിട്ടുണ്ട്. മറ്റ് യൂണിവേഴ്സിറ്റികളുടെ കൂടി അംഗീകാരം ലഭിക്കുന്നതിനായി അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റി അധികാരികളുമായി വൊക്കേഷനൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ ചർച്ചകൾ നടത്തി നടപടികൾ കൈക്കൊണ്ടുവരുന്നു.

(ബി) വി.എച്ച്.എസ്.ഇ. വകുപ്പ് നടത്തുന്ന 42 കോഴ്സുകളിൽ 12 എണ്ണം കേരള പി.എസ്.സി. അംഗീകരിച്ചിട്ടുണ്ട്. കോഴ്സുകളുടെ പേരുവിവരം അനുബന്ധം 1-ൽ നൽകുന്നു. †

(സി) 30 കോഴ്സുകൾക്ക് കേരള പി.എസ്.സി.-യുടെ അംഗീകാരം ഇല്ല. കോഴ്സുകളുടെ പേരുവിവരം അനുബന്ധം 2-ൽ നൽകുന്നു. ††

വി.എച്ച്.എസ്.ഇ. എറണാകുളം മേഖലാ ആഫീസിന് സ്ഥിരമായ കെട്ടിടം ലഭ്യമാക്കുന്നതിനുള്ള നടപടി

45 [1146] ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന വി.എച്ച്.എസ്.ഇ. എറണാകുളം മേഖലാ ആഫീസിന് സ്ഥിരമായ ഓഫീസ് കെട്ടിടം ലഭ്യമാക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ;

(ബി) വർഷങ്ങളായി പ്രവർത്തനം നിലച്ചുകിടക്കുന്ന ആലുവ, തോട്ടയ്ക്കാട്ടുകര സർക്കാർ എൽ.പി. സ്കൂൾ കെട്ടിടം ഇപ്പോൾ എന്തെങ്കിലും ആവശ്യത്തിന് ഉപയോഗിക്കുന്നുണ്ടോ ;

† & †† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സ്കൂൾ കെട്ടിടം വി.എച്ച്.എസ്.ഇ. മേഖലാ ഓഫീസിന് വിട്ടുകൊടുക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇക്കാര്യത്തിൽ ഡി.പി.ഐ.-യുടെ നിലപാട് സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ ; നിലവിൽ ഉപയോഗിക്കാതെ കിടക്കുന്ന മേൽപ്പറഞ്ഞ സ്കൂൾ കെട്ടിടം വി.എച്ച്.എസ്.ഇ. മേഖലാ ഓഫീസിന് വിട്ടുകൊടുക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. നിർത്തലാക്കിയ ആലുവ തോട്ടയ്ക്കാട്ടുകര സർക്കാർ എൽ. പി. സ്കൂൾ കെട്ടിടവും സ്ഥലവും വി.എച്ച്.എസ്.ഇ. മേഖലാ ആഫീസിന് അനുവദിക്കണമെന്ന വി. എച്ച്. എസ്. ഇ. ഡയറക്ടറുടെ ആവശ്യം പരിശോധിച്ചു വരികയാണ്.

(ബി) ഉണ്ട്. രണ്ട് ഹാളിൽ ആകെയുള്ള എട്ട് മുറികളിൽ ഓരോ മുറികൾ സാക്ഷരതാപ്രവർത്തനത്തിനും അംഗൻവാടിക്കുമായി ഉപയോഗിക്കുന്നു.

(സി) ഉണ്ട്.

(ഡി) ഇല്ല.

(ഇ) എറണാകുളം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭിക്കാത്തതാണ് കാരണം. ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

വി.എച്ച്.എസ്.സി. സ്പെഷ്യൽ റൂൾസ്

46 [1147] ശ്രീ. നാലകത്ത് സൂപ്പി :
,, പി. കെ. അബ്ദുറബ്ബ് :
,, കെ. എൻ. എ. ഖാദർ :
,, ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി.എച്ച്.എസ്.സി. സ്പെഷ്യൽ റൂൾസിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ : എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) വി.എച്ച്.എസ്.സി. സ്പെഷ്യൽ റൂൾസ് അനുസരിച്ച് വിവിധ തസ്തികകളിലേക്ക് ഇപ്പോൾ പി.എസ്.സി. നടത്തിക്കൊണ്ടിരിക്കുന്ന പരീക്ഷകളെ ഇത് ഏതെങ്കിലും തരത്തിൽ ബാധിക്കുമോ ;

(സി) ടി സ്പെഷ്യൽ റൂൾസിൽ മാറ്റം വരുത്തുന്നപക്ഷം പി.എസ്.സി. ഇപ്പോൾ നടത്തുന്ന പരീക്ഷകൾ റദ്ദാക്കേണ്ടി വരുമോ എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly